LIBRARY ARCHIVES Kerala Legislative Assembly

ശ്രീലങ്കൻ മണൽ ഇറക്കുമതി

178(2380) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാർ വ്യവസ്ഥയിൽ ഇളവ് നൽകിയും ഗുണമേന്മ ഉറപ്പാക്കാതെയും സ്വകാര്യ കമ്പനികൾവഴി ശ്രീലങ്കൻ മണൽ ഇറക്കുമതി ചെയ്ത് കോടികളുടെ നഷ്ടമുണ്ടാക്കിയ ട്രാവൻകൂർ ടൈറ്റാനിയത്തിലെ ഉന്നത ഉദ്യോഗസ്ഥന്മാർക്കെതിരെ കേസെടുക്കണമെന്ന് വിജിലൻസ് കോടതി ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) മുംബൈയിലെ ഇൻഡികെം കമ്പനിക്കെതിരെ നിയമനടപടിക്ക് ടൈറ്റാനിയത്തിന്റെ നിയമ വിഭാഗം ശിപാർശ ചെയ്തിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് ശ്രീലങ്കയിൽ നിന്നും ഇൽമനൈറ്റ് ഇറക്കുമതി ചെയ്തിട്ടില്ല. ഇൻഡികെം (Indchem Inc) എന്ന കമ്പനിയുമായി ഇൽമനൈറ്റ് വാങ്ങുന്നതിന് ടി.ടി.പി.യുമായി ഉണ്ടാക്കിയ കരാറിൽ ക്രമക്കേടുണ്ടെന്ന പരാതിയെപ്പറ്റി വിജിലൻസ് അന്വേഷിക്കുകയും അതിന്റെ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. അതനുസരിച്ച് വകുപ്പുതലത്തിലുള്ള നടപടികൾക്ക് ശിപാർശ ചെയ്തിരുന്നു. വിജിലൻസിന്റെ അന്വേഷണത്തെത്തുടർന്ന് രണ്ട് ഉദ്യോഗസ്ഥൻമാർക്കെതിരെ വകുപ്പുതല നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ശിപാർശ ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് കമ്പനിയും (TTPL) ഇൻഡികെമും (Indchem Inc) തമ്മിലുള്ള തർക്കവിഷയങ്ങൾ ആർബിട്രേറ്ററുടെ മുമ്പാകെ ഇപ്പോൾ നിലവിലുണ്ട്.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ

179(2381) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്രയെണ്ണം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാഭകരമായി പ്രവർത്തിച്ചിരുന്നുവെന്നും അവ ഏതൊക്കെ ആയിരുന്നുവെന്നും എത്ര രൂപ ലാഭമുണ്ടായിരുന്നുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2010-11) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 23 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചത്. സ്ഥാപനങ്ങളുടെ വിവരവും ലാഭക്കണക്കും അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.